പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

11-01-2021

# കുട്ടിയുടെ പേര് ചേർക്കാൻ ദാമ്പത്യപ്രശ്നം തടസ്സമാകരുതെന്ന് ബാലാവകാശ കമ്മീഷൻ

ബാലാവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായ കുട്ടിയുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ രക്ഷിതാക്കൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ പരിഗ ണിക്കാതിരുന്നു കൂടാ എന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്ത രവായി. കുട്ടി വളരുന്നത് ആരുടെ സംരക്ഷണത്തിലാണോ, അവരുടെ അപേക്ഷ അനുസരിച്ച് ജനന സർട്ടിഫിക്കറ്റിൽ പേര് രജിസ്റ്റർ ചെയ്തു നൽകണം. ഇതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറിയും നഗരകാര്യ-പഞ്ചായത്ത് കാര്യ ഡയറക്ടർമാരും ഉത്തരവ് പുറപ്പെടുവിക്കണം. എല്ലാ തദ്ദേശസ്ഥാപനങ്ങളും ഈ നിർദേശം പാലിക്ക ണമെന്നും കമ്മീഷൻ അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് നിർദേശിച്ചു.

വയനാട് ചുള്ളിയോട് സ്വദേശിനി നൽകിയ പരാതിയിന്മേലാണ് കമ്മീഷൻ നടപടി സ്വീകരിച്ചത്. കുട്ടിയുടെ പേര് ജനന രജിസ്റ്ററിൽ ചേർക്കുന്നതിന് ആവശ്യ മായ തിരിച്ചറിയൽ കാർഡുകൾ ഉൾപ്പെടെയുള്ള രേഖകൾ ഭർത്താവ് നൽകാതിരുന്ന താണ് പ്രശ്നകാരണമായി ചൂണ്ടിക്കാട്ടിയത്. കുട്ടി ഹർജിക്കാരിയുടെ സംരക്ഷണ ത്തിൽ ആയതിനാലും ദമ്പതികൾ തമ്മിൽ ദാമ്പത്യതർക്കം നിലനിൽക്കുന്നതിനാലും സംയുക്ത അപേക്ഷ ഇല്ലാതെ ഹർജിക്കാരിയുടെ മാത്രം അപേക്ഷയുടെ അടിസ്ഥാന ത്തിൽ കുട്ടിയുടെ പേര് ജനന രജിസ്റ്ററിൽ ചേർക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

ദാമ്പത്യപ്രശ്നങ്ങളുടെ പേരിൽ ദമ്പതികൾ അകന്നു കഴിയുന്നത് കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിനോ പേര് ചേർക്കുന്നതിനോ തടസ്സമാകാൻ പാടില്ല. വിവാഹബന്ധം വേർപെടുത്തിയ കേസുകളിലും മാതാവോ പിതാവോ ഉപേക്ഷിച്ചു പോയ കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവി ന്റെ, അല്ലെങ്കിൽ പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജി സ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി

2017-ൽ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ജനിച്ച ഉടൻ രജിസ്റ്റർ ചെയ്യപ്പെടുന്നതും പേരിനാൽ അറിയപ്പെടുന്നതും 1989-ലെ അന്താരാഷ്ട്ര ശൈശവ ഉടമ്പടിയിലെ 7-ാം അനുച്ഛേദം പ്രകാരം കുട്ടിയുടെ പ്രധാനമായ അവകാശവുമാണ്. അതിനാൽ 2018 ആഗസ്റ്റ് 22-ന് ജനിച്ച കുട്ടിയുടെ പേര് നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെടാതിരിക്കുന്നത് വളരെ ഗൗരവമായാണ് കമ്മീഷൻ കാണുന്നത്. രക്ഷിതാക്കൾ തമ്മിലുള്ള ദാമ്പത്യപ്രശ്നങ്ങൾ കുട്ടിയുടെ പേര് രജിസ്റ്റർ ചെയ്യപ്പെടാതിരിക്കുന്നതിനുള്ള കാരണമാകരുത്. ഹർജിക്കാരിയുടെ അപേക്ഷയിൽ അവർ നിർദേശിക്കുന്ന പേര് ചേർത്ത് നൽകണമെന്ന് കമ്മീഷൻ സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയോട് നിർദേശിച്ചു.

*416/12/C2/2020/KeSCPCR*

## മാതാവിനെതിരായ പോക്സോ കേസ്: ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് തേടി

പതിമൂന്നുകാരനായ മകന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ യുവതിയെ പോക്സോ കേസിൽ ജയിലിൽ അടച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബന്ധപ്പെട്ടവരിൽ നിന്ന് റിപ്പോർട്ട് തേടി. ജില്ല കളക്ടർ, ജില്ല പൊലീസ് മേധാവി, ജില്ല ശിശു ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം. വിവിധ വാദങ്ങൾ ഉയരുന്നതിനാൽ കുട്ടികളുടെ അന്തസ്സിനെ ഹനിക്കാത്ത വിധത്തിലാവണം അന്വേഷണം നടത്തേണ്ടതെന്ന് കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ പറഞ്ഞു. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും കുട്ടികൾക്ക് മനോവിഷമം ഉണ്ടാകാത്ത വിധത്തിൽ ആയിരിക്കണം.

*449/01/LA1/2021/KeSCPCR*

## ദത്തെടുത്ത് പീഡനം : ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് തേടി

കണ്ണൂരിലെ അനാഥാലയത്തിൽ നിന്ന് താത്കാലികമായി ദത്തെടുത്ത പെൺകുട്ടിയെ അറുപതുകാരൻ ലൈംഗികമായി പീഡിപ്പിച്ചതായ സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബന്ധപ്പെട്ടവരിൽ നിന്ന് റിപ്പോർട്ട് തേടി. ജില്ല കളക്ടർ, ജില്ല പൊലീസ് മേധാവി, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം. 2017-ൽ കുട്ടിക്ക് 15 വയസ്സ് ഉള്ളപ്പോൾ നടന്ന സംഭവം കുട്ടിയുടെ അനുജത്തി കഴിഞ്ഞ ദിവസം കൗൺസലിംഗിനിടെ വെളിപ്പെടുത്തിയതിനെ തുടർന്ന് കേസ് ആവുകയായിരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ